# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം–10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ–മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org

തിരുവനന്തപുരം **പത്രക്കുറിപ്പ്** 21.11.14

## വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള ജോലികൾക്ക് തുക നിശ്ചയിക്കാൻ – നവംബർ 25ന് പബ്ളിക്ക്ഹിയറിംഗ്

വൈദ്യുതി വിതരണലൈസൻസിയായ കണ്ണൻദേവൻ ഹിൽസ് പ്ളാന്റേഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡിന്റെ പരിധിയിൽ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട വിവിധ ജോലികൾക്ക് ഉപഭോക്താക്കൾ ലൈസൻസിയ്ക്ക് ഒടുക്കേ തുക നിശ്ചയിക്കുന്നതിന് **മൂന്നാർ കെ.ഡി.എച്ച് ക്ളബ്ഹാളിൽ 2014 നവംബർ 25** ന് ഉച്ചയ്ക്ക് 12 മണിയ്ക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ പബ്ളിക്ക്ഹിയറിംഗ് നടത്തുന്നതാണ്. സിംഗിൾഫേസ്, ത്രീഫേസ് കണക്ഷനുകൾക്ക് വെതർപ്രൂഫ് ലൈൻ വലിയ്ക്കൽ, ഓവർഹെഡ് ലൈൻ വലിയ്ക്കൽ, പുതിയ പോസ്റ്റുകൾ സ്ഥാപിക്കൽ, മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ, പുതിയ സിംഗിൾ ഫേസ്, ത്രീ ഫേസ് ലൈനുകൾക്ക് ലൈൻ സ്ഥാപിയ്ക്കൽ, പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കൽ എന്നിങ്ങനെയുള്ള ജോലികൾക്കാണ് തുക നിശ്ചയിക്കേ ത്. ഇതു സംബന്ധിച്ച് പൊതുജനങ്ങൾ, ബന്ധപ്പെട്ട സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കമ്മിഷൻ ക്ഷണിയ്ക്കുന്നു. നിർദ്ദേശങ്ങൾ ഹിയറിംഗ് വേളയിൽ കമ്മിഷന് നേരിട്ട് നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾ കമ്മിഷന്റെ www.erckerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

സെക്രട്ടറി